# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1477 — 16.03.2015-ൽ മറുപടിയ്ക്ക്

## കലാകാര പെൻഷൻ

**ചോദ്യം**
ശ്രീ.ബാബു എം.പാലിശ്ശേരി

**മറുപടി**
ശ്രീ. കെ.സി.ജോസഫ്
(ഗ്രാമവികസനവും, ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിൽ കലാകാര പെൻഷൻ എത്ര പേർക്ക് നൽകി വരുന്നുണ്ട്; അത് പ്രതിമാസം എത്ര രൂപ വീതമാണ്; | (എ) | സംസ്ഥാനത്ത് നിലവിൽ 2499 കലാകാരന്മാർക്ക് കലാകാര പെൻഷൻ നൽകി വരുന്നുണ്ട്. പ്രതിമാസം 750/- ആണ് കലാകാര പെൻഷൻ തുക. |
| (ബി)<br><br><br>(സി) | കലാകാര പെൻഷൻ വിതരണത്തിൽ കുടിശ്ശികയുണ്ടോ; എങ്കിൽ എത്ര മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്;<br><br>കുടിശ്ശിക പെൻഷൻ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (ബി) & (സി) | കലാകാര പെൻഷൻ 2014 നവംബർ മാസം മുതൽ പോസ്റ്റാഫീസ്/ബാങ്ക് സേവിംഗ്സ് അക്കൗണ്ട് മുഖേനയാണ് നൽകുന്നത്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്ത 27 ഗുണഭോക്താക്കൾക്ക് 2014 നവംബർ മാസം മുതൽ (4 മാസത്തെ) കലാകാര പെൻഷൻ നൽകിയിട്ടില്ല. വിശദവിവരങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് കുടിശ്ശിക ഉൾപ്പെടെയുള്ള പെൻഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി)<br><br><br>(ഇ) | വർദ്ധിച്ച വിലക്കയറ്റവും ജീവിത ചെലവുകളും കണക്കിലെടുത്ത് കലാകാര പെൻഷൻ കാലോചിതമായി ഉയർത്തി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;<br><br>എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ? | (ഡി) & (ഇ) | ഉണ്ട്.12/7/13-ലെ സ.ഉ.(അച്ചടിച്ചത്) നമ്പർ 339/2013/ധന ഉത്തരവ് പ്രകാരം 1/4/13 മുതൽ അന്നത്തെ കലാകാര പെൻഷൻ തുകയായ 550/- രൂപയിൽ നിന്നും 650/- രൂപയായി ഉയർത്തിയിട്ടുണ്ട്. കൂടാതെ 26/6/14 തീയതിയിലെ സ.ഉ.(കൈ) നമ്പർ 25/14/സാം.ക.വ ഉത്തരവ് പ്രകാരം 1/4/2014 മുതൽ 650/- രൂപയിൽ നിന്നും 750 /- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ